## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2938 — 02.04.2013-ൽ മറുപടിയ്ക്ക്

## പുതുതായി നിർമ്മിക്കുന്ന റോഡുകൾക്ക് പെർഫോമൻസ് ഗ്യാരന്റി ഏർപ്പെടുത്തുന്ന നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.ഉമ്മർ | | ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന റോഡുകൾക്ക് പെർഫോമൻസ് ഗ്യാരന്റി ഏർപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ ; | (എ) | പുതുതായി നിർമ്മിക്കുന്ന എല്ലാ റോഡുകൾക്കും പെർഫോമൻസ് ഗ്യാരന്റി ഏർപ്പെടുത്തുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ ശബരിമല റോഡുകളിലും മറ്റും നടപ്പിലാക്കുന്ന ഹെവി മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തികൾക്ക് പെർഫോമൻസ് ഗ്യാരന്റി വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദേശീയപാത വിഭാഗത്തിൽ 40 mm-ൽ അധികം ഘനം വരുന്ന ബിറ്റുമിൻ പണികൾക്ക് 3 വർഷത്തേയും 40 mm-ന് താഴെയുള്ളവയ്ക്ക് 1 വർഷത്തേയും കോൺട്രാക്ടറുടെ ഉത്തരവാദിത്വത്തിലുള്ള ഡിഫക്ട് ലയബിലിറ്റി ബാധകമാണ്. |
| (ബി) | എങ്കിൽ, ഇതിനായി എന്തെല്ലാം മാനദണ്ഡങ്ങളാണ് നിർമ്മാണ കമ്പനിയും ബന്ധപ്പെട്ട വകുപ്പും സ്വീകരിക്കേണ്ടതെന്ന് വിശദമാക്കുമോ ; | (ബി), (സി) & (ഡി): | പ്രവൃത്തി പൂർത്തിയായശേഷം നിർമ്മാണ കമ്പനിയുടെ സ്വന്തം ചെലവിൽ 5 വർഷത്തേയ്ക്ക് ഉണ്ടാകുന്ന തകരാറുകൾ പരിഹരിച്ച് റോഡ് പൂർണ്ണമായും ഗതാഗതയോഗ്യമാക്കി സംരക്ഷിക്കുന്നതിന് വ്യവസ്ഥയുണ്ട്. പ്രസ്തുത പദ്ധതിയിൽ റോഡു നിർമ്മാണത്തിന്റെ മൂല്യനിർണ്ണയം നടത്തുന്ന ചുമതല വകുപ്പിലെ എഞ്ചിനീയർമാരിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ലാബ് സംവിധാനം ഏർപ്പെടുത്തുന്നതിനും നിർമ്മാണ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനും കരാറിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. ദേശീയപാതയിൽ കരാറുകാരാണ് അവർ ചെയ്യുന്ന പണികൾക്ക് ഗ്യാരന്റി നൽകുന്നത്. ഇവയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നത്, അതാത് പ്രവൃത്തികൾ നടപ്പിലാക്കുന്ന എഞ്ചിനീയർമാരും, ക്വാളിറ്റി കൺട്രോൾ വിഭാഗവും, കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയത്തിലെ ഉദ്യോഗസ്ഥരും കൂടിയാണ്. കൂടാതെ ഗ്യാരന്റി കാലാവധികളിൽ വരുന്ന അറ്റകുറ്റപ്പണികൾ കരാറുകാർ തന്നെ ചെയ്യാൻ ബാധ്യസ്ഥരായതിനാൽ കരാറുകാരുടെ ഭാഗത്തുനിന്നും ഗുണനിലവാരം ഉറപ്പുവരുത്താനുള്ള മാർഗ്ഗങ്ങളും സ്വീകരിക്കാറുണ്ട്. പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ രണ്ട് കൺട്രോൾ സബ്ഡിവിഷനുകൾ എറണാകുളത്തും, തൃശ്ശൂരും പ്രവർത്തിച്ചുവരുന്നു. അവർ പണികളുടെ ഗുണനിലവാരം കാലാകാലങ്ങളിൽ ഉറപ്പുവരുത്താറുണ്ട്. |
| (സി) | പെർഫോമൻസ് ഗ്യാരന്റി ഏർപ്പെടുത്തുന്നതിനായി റോഡു നിർമ്മാണത്തിന്റെ മൂല്യനിർണ്ണയം നടത്തുന്ന ചുമതല ആരിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്നറിയിക്കുമോ ; | | |
| (ഡി) | ആയത് പരിശോധിക്കുന്നതിനായി ലാബ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ, എവിടെയെല്ലാമാണ് പ്രസ്തുത ലാബുകൾ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ